ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:28.06.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ.

2. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സാർവത്രിക പാലിയേറ്റീവ് കെയർ പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

3. അതിദരിദ്രരില്ലാത്ത സംസ്ഥാനത്തെ ആദ്യ ജില്ലയായി കോട്ടയം; കേരളം കൈവരിച്ച പുരോഗതി മറ്റു സംസ്ഥാനങ്ങൾക്കും മാതൃകയെന്ന് മന്ത്രി എം ബി രാജേഷ്.

4. സംസ്ഥാനത്ത് പേവിഷബാധയ്ക്കെതിരെ ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകൾ സഹകരിച്ചുള്ള ബോധവത്ക്കരണ പരിപാടികൾക്ക് മറ്റന്നാൾ സ്കൂളുകളിൽ തുടക്കമാകും.

5. കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് ; ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരള-കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. വനിത ട്വന്റി-ട്വന്റി ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.

&&&&&&&&&&&&&&&&&&

RNUTVPM

## <u>ശുഭാംശു ശുക്ല - പ്രധാനമന്ത്രി</u>

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലുള്ള ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ആശയവിനിമയം നടത്തി. ഇത് സംബന്ധിച്ച വിവരം പ്രധാനമന്ത്രിയുടെ ഓഫിസ് സമൂഹ മാധ്യമത്തിൽ പങ്കുവെച്ചു. ബുധനാഴ്ചയാണ് ശുഭാംശു ശുക്ല ഉൾപ്പെടെയുള്ള സംഘവുമായി ആക്സിയം -4 ദൗത്യം വിജയകരമായി വിക്ഷേപിച്ചത്.

&&&&&&&&&&&&&&&&&&

## <u>ഹെഡ് ലൈൻ - 1</u>

## <u>മൻ കീ ബാത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 ന്. പരിപാടിയുടെ 123-ാം പതിപ്പാണിത്. ഹിന്ദി പ്രക്ഷേപണത്തിനുശേഷം പ്രാദേശിക ഭാഷകളിൽ മൻ കി ബാത് കേൾക്കാം.

RNU TVPM

&&&&&&&&&&&&&&&&&&

## <u>പബിത്ര മാർഗരിറ്റ-മൻ കി ബാത് ടാലന്റ് ഹണ്ട്</u>

മൻ കീ ബാത്ത് രാജ്യത്തെ അടിസ്ഥാന വർഗ ജനവിഭാഗങ്ങളുടേയും യുവാക്കളുടേയും ശബ്ദമായി മാറിയെന്ന് കേന്ദ്ര സഹമന്ത്രി പബിത്ര മാർഗരിറ്റ. യുവജനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള മേരാ യുവ ഭാരത് സംഘടിപ്പിച്ച ജില്ലാതല മൻ കി ബാത്ത് ടാലൻറ് ഹണ്ട് സീസൺ 5 ന്റെ ഉദ്ഘാടനം, തിരുവനന്തപുരം നീറമൺകര, മന്നം മെമ്മോറിയൽ സ്കൂളിൽ നിർവഹി ക്കുകയായിരുന്നു അദ്ദേഹം. ഫൈനൽ മത്സരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 36 കുട്ടികൾക്ക് ഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും.

&&&&&&&&&&&&&&&&&&

## എൽ. മുരുഗൻ - കേരളം

19-ാാം ധീവര ദിനാചരണത്തിൻറെ ഭാഗമായി അഖില കേരള ധീവര സഭയുടെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ. മുരുഗൻ പങ്കെടുത്തു. പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ ഹാളിലാണ് സംസ്ഥാന സമ്മേളനം സംഘടിപ്പിച്ചത്. വൈകുന്നേരം കൊടുങ്ങല്ലൂർ ദേവീ ക്ഷേത്രത്തിൽ ദർശനം നടത്തിയ കേന്ദ്ര സഹമന്ത്രി തുടർന്ന് ചെന്നൈയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&

## ജോർജ്ജ് കുര്യൻ

എറണാകുളത്തെ ചെല്ലാനത്ത് ആധുനിക തീരദേശ മത്സ്യഗ്രാമം പദ്ധതി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. 18 മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ഇലക്ട്രിക്ക് ഓട്ടോ ഫിഷ് വെൻഡിംഗ് കിയോസ്ക് വിതരണവും അദ്ദേഹം നിർവഹിച്ചു. ചെല്ലാനത്ത് അടിയന്തര ചികിത്സാ കേന്ദ്രത്തിനും ശൗചാലയ ബ്ലോക്കിനും കേന്ദ്ര സഹമന്ത്രി തറക്കല്ലിട്ടു. സംസ്ഥാന ഫിഷറീസ് മന്ത്രി സജി ചെറിയാനും ചടങ്ങിൽ പങ്കെടുത്തു. പ്രധാനമന്ത്രി മത്സ്യ സമ്പാദ് യോജനയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.

RNU TVM

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## മുഖ്യമന്ത്രി (ഇൻട്രോ)

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും, 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയുടെ പ്രവർത്തനത്തിന്റേയും സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. പാലിയേറ്റീവ് കെയർ സേവനങ്ങൾ സമൂഹത്തിന്റെ ഉത്തരവാദിത്വം ആണെന്ന ബോധ്യത്തിലൂടെ മാത്രമേ ഇത്തരം സംരഭങ്ങൾ പൂർണ വിജയത്തിൽ എത്തിക്കാൻ കഴിയൂവെന്ന് മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

എറണാകുളം കളമശ്ശേരിയിൽ നടന്ന ചടങ്ങിൽ മന്ത്രിമാരായ വീണ ജോർജ്, എം ബി രാജേഷ്, പി രാജീവ് തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 3

അതിദാരിദ്ര്യമുക്ത കോട്ടയം (ഇൻട്രോ)

അതിദരിദ്രരില്ലാത്ത സംസ്ഥാനത്തെ ആദ്യ ജില്ലയായി കോട്ടയം. മന്ത്രി എം.ബി. രാജേഷ് അതിദാരിദ്ര്യമുക്ത പ്രഖ്യാപനം നിർവഹിച്ചു. ഈ രംഗത്ത് കേരളം കൈവരിച്ച പുരോഗതി ഇതര സംസ്ഥാനങ്ങളിലുള്ളവർ ആശ്ചര്യത്തോടെയാണ് കാണുന്നതെന്ന് മന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

കോട്ടയം ജില്ലയെ അതിദാരിദ്ര്യമുക്തമാക്കാനുള്ള പ്രവർത്തനത്തിൽ പങ്കാളികളായവരെ മന്ത്രി വി.എൻ. വാസവൻ അഭിനന്ദിച്ചു. കോട്ടയം ജില്ലയിൽ നിന്ന് 903 കുടുംബങ്ങളാണ് അതിദാരിദ്ര്യ പട്ടികയിൽ ഉണ്ടായിരുന്നത്. ഇവരെ കേന്ദ്രീകരിച്ച് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്ക് പിന്നാലെയാണ് പ്രഖ്യാപനം.

RNU TVPM

&&&&&&&&&&&&&&&&&&

ഐ.ടി - കേരളം

ഐ ടി രംഗത്ത് കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ അഭൂതപൂർവ്വമായ വളർച്ചയാണ് കേരളത്തിലുണ്ടായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിലായി 66,000 ത്തോളം തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടു. കേരളത്തിൽ നിന്നുള്ള ആകെ ഐ.ടി കയറ്റുമതി 2016 ൽ 34,123 കോടി രൂപയായിരുന്നത്, ഇപ്പോൾ 90,000 കോടി രൂപയായി വർദ്ധിച്ചുവെന്നും മുഖ്യമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## വി.എസ് അച്യുതാനന്ദൻ

ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചിരിക്കുന്ന മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻറെ നില മാറ്റമില്ലാതെ തുടരുന്നതായി മെഡിക്കൽ ബുള്ളറ്റിൻ. വിദഗ്ധ മെഡിക്കൽ സംഘത്തിൻറെ മേൽ നോട്ടത്തിൽ അദ്ദേഹത്തിൻറെ ആരോഗ്യനില സസൂക്ഷ്മം വിലയിരുത്തി ചികിത്സ തുടരുന്നു.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 5

## കാലാവസ്ഥ- കേരളം

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്. കണ്ണൂർ, കാസറഗോഡ്, തിരുവനന്തപുരം ജില്ലകളിലെ വിവിധയിടങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുണ്ടെന്ന് സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## ഡി എം ഇ- ആരോപണം (ഇൻട്രോ)

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ യൂറോളജി വിഭാഗത്തിൽ ഉപകരണങ്ങളുടെ ലഭ്യതക്കുറവു മൂലം ശസ്ത്രക്രിയകൾ മുടങ്ങുന്നു എന്ന വാർത്ത തെറ്റിദ്ധാരണ പരത്തുന്നതാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ. ഇന്നലെ ശസ്ത്രക്രിയയ്ക്കിടെ ഒരു ഉപകരണം അപ്രതീക്ഷിതമായി കേടായതു മൂലം, പുതിയത് വാങ്ങുന്നതിലെ സാങ്കേതിക പ്രശ്നം മാത്രമാണ് ഒരു ഡോക്ടർ സമൂഹമാധ്യമത്തിൽ കുറിച്ചതെന്നും അദ്ദേഹം അറിയിച്ചു. അതേസമയം ശസ്ത്രക്രിയകൾ തുടരെ മുടങ്ങുന്നുവെന്ന വിഷയം ഇതുവരെ സർക്കാരിൻറെ ശ്രദ്ധയിൽ വന്നിട്ടില്ലെന്നും ഡോക്ടർ ഉന്നയിച്ച വിഷയം സമഗ്രമായി അന്വേഷിക്കാൻ നിർദ്ദേശം നൽകിയതായും മന്ത്രി വീണാ ജോർജ് മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&

## തെരുവ് നായ - മരണം

കണ്ണൂരിൽ പേപ്പട്ടിയുടെ കടിയേറ്റ് ചികിത്സയിലായിരുന്ന അഞ്ച് വയസ്സുകാരൻ മരിച്ചു. പരിയാരത്ത് ചികിത്സയിലായിരുന്ന തമിഴ് നാട് സ്വദേശികളായ ദമ്പതികളുടെ മകൻ ഹരിത് ആണ് മരിച്ചത്. മെയ് 31ന്
എസ് എൻ പാർക്കിന് സമീപത്ത് വെച്ചാണ് കുട്ടിക്ക് തെരുവ് നായയുടെ കടിയേറ്റത്.

RNI TVPM

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 4

## പേവിഷബാധ- അവബോധം

പേവിഷബാധയ്ക്കെതിരെ സംസ്ഥാനത്ത് ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകൾ സഹകരിച്ച് ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുമെന്ന് മന്ത്രി വീണാ ജോർജ് വാർത്താക്കുറിപ്പിൽ അറിയിച്ചു. പരിപാടിയുടെ ഭാഗമായി മറ്റന്നാൾ സ്കൂളുകളിൽ കുട്ടികൾക്ക് അവബോധം നൽകുന്നതിനായി ക്ലാസ്

സംഘടിപ്പിക്കും. അസംബ്ലി സമയത്ത് ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ആകും ക്ലാസ്. ജൂലൈ മാസത്തിൽ സ്കൂളുകളിലെ അധ്യാപകർക്കും, രക്ഷാകർത്താക്കൾക്കും, പി.ടി.എ. യോഗങ്ങളിലൂടെ സമാനമായ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 6

## വനിത ട്വിൻറി-20 ക്രിക്കറ്റ്

വനിത ട്വന്റി-ട്വന്റി ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. രാത്രി ഏഴുമുതലാണ് മത്സരം. അഞ്ചു മത്സരങ്ങളാണ് പരമ്പരയിലുള്ളത്. ഹർമൻപ്രീത് കൗർ ആണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

&&&&&&&&&&&&&&&&&&

## വിജ്ഞാനോത്സവം - ആർ ബിന്ദു

സംസ്ഥാനത്തെ കോളേജുകളിൽ നാലുവർഷ ബിരുദ ക്ലാസുകളിലെ പുതിയ ബാച്ച് വിദ്യാർത്ഥികളെ വരവേൽക്കാൻ ജൂലൈ ഒന്നിന് വിജ്ഞാനോത്സവം സംഘടിപ്പിക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് സർക്കാർ ആർട്സ് & സയൻസ് കോളേജിൽ മന്ത്രി ആർ. ബിന്ദു നിർവ്വഹിക്കും. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട കോഴ്സുകൾ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി പുതിയ മൈനർ കോഴ്സുകൾ തയ്യാറായിട്ടുണ്ടെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി വാർത്താക്കുറിപ്പിൽ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## കോഴിക്കോട് - കൊലപാതകം

കോഴിക്കോട് നിന്നും കാണാതായ മലയാളിയുടെ മൃതദേഹം തമിഴ്നാട് വനത്തിൽ നിന്നും പോലീസ് കണ്ടെടുത്തു. മുൻപ് സുൽത്താൻ ബത്തേരി സ്വദേശിയായിരുന്ന ഹേമ ചന്ദ്രൻ്റെ മൃതദേഹമാണ് ചേരമ്പാടി വനത്തിൽ നിന്നും കണ്ടെടുത്തത്. ഇയാൾ കഴിഞ്ഞ 20 വർഷം മുമ്പ് ബത്തേരിയിൽ നിന്നും

കോഴിക്കോട്ടേക്ക് താമസം മാറ്റിയിരുന്നു. സംഭവത്തിൽ മൂന്ന് പേർ പോലിസ് പിടിയിലായി. ഇവർ ബത്തേരി സ്വദേശികളെന്നാണ് എന്ന് സൂചന.

&&&&&&&&&&&&&&&&&&

## <u>ദേശീയ പാത - മുഹമ്മദ് റിയാസ്</u>

ദേശീയപാത നിർമാണ പ്രവൃത്തിയുടെ ഭാഗമായി സോയിൽ നെയ്‌ലിംഗ് നടന്ന ഭാഗത്തെ ഭൂമി ഏറ്റെടുക്കാൻ ദേശീയപാത അതോറിറ്റി തയ്യാറാകണമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. കോഴിക്കോട് ജില്ലാ വികസന സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേശീയപാത നിർമാണത്തെത്തുടർന്ന് അപകടഭീഷണിയിലായ കൊയിലാണ്ടി കുന്ന്യോറ മലയിലെയും മറ്റു സ്ഥലങ്ങളിലെയും ഭൂമി ഇത്തരത്തിൽ ഏറ്റെടുക്കണമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM